## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 412** **09.02.2016-ൽ മറുപടിയ്ക്ക്**

## ചെറായി സബ്സ്റ്റേഷൻ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | ചെറായി 110 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കേസിന് ആവശ്യമായ രേഖകൾ യഥാസമയം കെ. എസ്. ഇ. ബി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; എങ്കിൽ എന്നാണ് ഇത്തരം രേഖകൾ സമർപ്പിച്ചതെന്ന് വിശദമാക്കാമോ ; | (എ) (ബി) & (സി) | 110 കെ. വി. പറവൂർ-ചെറായി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട കേസ് സംബന്ധിച്ച് എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് നിയമിച്ച അഡ്വക്കേറ്റ് കമ്മീഷൻ ആവശ്യപ്പെട്ട എല്ലാ രേഖകളും കെ.എസ്.ഇ.ബി. 29-10-2013, 30-10-2013, 04-12-2013, 17-12-2013, 19-06-2014, 17-11-2014 എന്നീ തീയതികളിൽ കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത രേഖകൾ സമർപ്പിച്ചതിനു ശേഷമുള്ള തുടർനടപടി സംബന്ധിച്ച് കെ. എസ്. ഇ. ബി വിവരങ്ങൾ ആരാഞ്ഞിരുന്നുവോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ : | | പ്രസ്തുത രേഖകൾ സമർപ്പിച്ചതിനുശേഷവും അഡ്വക്കേറ്റ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതുകൊണ്ട്, കേസ് തീരുമാനമാക്കാൻ 20.03.2014, 16.06.2015, 26.09.2015 എന്നീ തീയതികളിൽ കത്തുകൾ മുഖേനയും 11.02.2015, 19.06.2015, 12.08.2015, 17.09.2015, 09.10.2015, 30.11..2015 എന്നീ തീയതികളിൽ നേരിട്ടും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഉദ്യോഗസ്ഥർ അഡീഷണൽ ജില്ലാ മജിസ്ട്രേട്ടുമായി ബന്ധപ്പെട്ട് ഇതു സംബന്ധിച്ച വിവരങ്ങൾ ആരായുകയും, തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേസ് തീർപ്പാക്കാൻ വൈകുന്നത് കണക്കിലെടുത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ പരാതി സമർപ്പിക്കുവാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. |
| (സി) | ഇതു സംബന്ധിച്ച് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമായി ബന്ധപ്പെട്ട് കെ. എസ്. ഇ. ബി. സ്വീകരിച്ചു വരുന്ന തുടർ നടപടികൾ വിശദമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ.**